"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വെള്ളിനേഴി ഗ്രാമപഞ്ചായത്ത് - നിവാപം 2020 പുരസ്കാരത്തിനും ഗ്രാമകലാ പുരസ്കാരത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1337/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/07/2021

---

പരാമർശം:-

1 വെള്ളിനേഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 05/03/2020 ലെ 2/18 നമ്പർ തീരുമാനം.

2 വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/02/2021 ലെ എ/4849/2015/2021 നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 30/04/2021 ലെ PAN/5651/2021-G1(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ അതുല്യ കഥകളി നടൻ പത്മഭൂഷൺ ഡോ.കലാമണ്ഡലം രാമൻകുട്ടി നായരുടെ ഏഴാം ചരമ വാർഷികാചരണം വെള്ളിനേഴി ഒളപ്പമണ്ണ മനയിൽ വച്ച് 2020 മാർച്ച് 11 ന് നടത്തുവാൻ നിശ്ചയിച്ചിരുന്നുവെങ്കിലും കോവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ 20/08/2020ൽ നടത്തിയെന്നും, ഈ പരിപാടിയുടെ ഭാഗമായി കേരളത്തിലെ മികച്ച കഥകളി കലാകാരന് ഡോ.കലാമണ്ഡലം രാമൻകുട്ടി നായരുടെ സ്മരണാർത്ഥം നിവാപം 2020 എന്നപേരിൽ ഒരു പുരസ്കാരവും അതോടൊപ്പം വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ മികച്ച പ്രാദേശിക കലാകാരന് ഗ്രാമകലാ പുരസ്കാരവും വെള്ളിനേഴി ഗ്രാമ പഞ്ചായത്തിന്റെ വകയായി നൽകുന്നതിന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഭരണ സമിതി യോഗം തീരുമാനിക്കുകയും, ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 50000/- രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുമുണ്ടായി. പരാമർ ശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിവാപം 2020 പുരസ്കാരത്തിനും ഗ്രാമകലാ പുരസ്കാരത്തിനുമായി വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അൻപതിനായിരം രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

പ്രസിഡന്റ് / സെക്രട്ടറി, വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്, കുളക്കാട് പി.ഒ, പാലക്കാട് - 679503.

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ